# രാശിചക്രം

**ഷാജി. എ**
(ഡെലി)

താഴ്വരയിലെത്തിയപ്പോൾ പ്രഭാതം തല നീട്ടിയിരുന്നു. ഇനി കുന്നുകയറണം. ദേവിയുടെ സവിധത്തിലെത്താൻ.
തെറ്റുപറ്റിയിട്ടല്ലല്ലോ?

വഴികാട്ടിയായിരുന്ന താളിയോല ഗ്രന്ഥങ്ങൾ ചിന്തകളിൽ ഉണർന്നിരുന്നു. താഴ്‌വരയിലെ കുളം. കുളത്തിൽ നീലനിറമുള്ള ജലം.
ഇല്ല.
വഴിതെറ്റിയിട്ടില്ല. താളിയോലഗ്രന്ഥങ്ങൾ പറഞ്ഞതുപോലെ തന്നെ.
എവിടെ കഴുതകൾ?
ദേവിയുടെ ആശ്രമത്തിലേക്ക് വെള്ളം ചുമക്കുന്ന കഴുതകൾ. എഴരപ്പൊട്ടനുദിച്ചിട്ടും അവ വെള്ളത്തിനെത്തിയില്ലേ?
നീലജലത്തിൽ സ്വന്തം ഛായ.
നീയെന്തിനിവിടെവന്നു? പ്രതിബിംബം ചോദിച്ചു.
ജനിമൃതികളുടെ ആന്തരസത്ത കണ്ടെത്തുവാൻ.
ക്ഷമിക്കു.
നീലജലം പറഞ്ഞു.
കഴുതക്കൂട്ടങ്ങൾ മലയിറങ്ങി തുടങ്ങിയിട്ടുണ്ട്.

കാത്തിരിപ്പിന്റെ ഏതോ ഒരവസാനത്തിൽ കഴതക്കൂട്ടങ്ങൾ നനഞ്ഞ മഞ്ഞിൽ പുതഞ്ഞു മലയിറങ്ങിവന്നു. അവ കൂട്ടമായി നീല ജലത്തിലേക്കിറങ്ങി. കഴുത്തറ്റം വെള്ളത്തിൽ മുങ്ങി. പുറത്ത് ഇരുവശങ്ങളിൽ തൂക്കിയിട്ടിരുന്ന തോൽ സഞ്ചികളിൽ നീലജലം നിറച്ചു. സ്വാഭാവികതയുടെ പൊരുളുകൾ ചോദ്യങ്ങളുയർത്തിയില്ല.
കഴുതക്കൂട്ടങ്ങൾ കുന്നുകയറി.
അവയുടെ പിറകേ നടന്നു.
അവ പ്രതിഷേധ ശബ്ദമുയർത്തി.
കൂട്ടാക്കിയില്ല.
അവയ്ക്ക് പിന്നിൽ കൂർത്തകല്ലുകൾ ചവുട്ടിനടന്നു.
മുൾച്ചെടികൾ വളർന്നു നിന്ന അവ്യക്തമായ പാതിയിലൂടെ കുന്നുകയറി ശരീരത്തിൽ മുൾച്ചെടികൾ വരഞ്ഞ ചോരച്ചാലുകൾ ഗാഗുൽത്താ മലകളിലേക്ക് കുരിശു ചുമന്ന ആ നിഷേധി ഞാൻ തന്നെയോ! എന്നിലെ ഞാൻ പറഞ്ഞു.
അല്ല.
ആയിരിക്കാൻ സാദ്ധ്യതയില്ല. ആത്മപീഡനത്തിലൂടെ ആത്മസാക്ഷാത്ക്കാരം നേടിയ മനുഷ്യൻ എക്സിബിഷനിസ്ററല്ലായിരുന്നോ?
ചിന്തകൾ സങ്കീർണ്ണങ്ങളായപ്പോൾ പ്രാപഞ്ചിക വേദനകളുണർന്നു. മരീചികകളിൽ തിളങ്ങി നിന്ന ആശ്രമം കണ്ണിൽപ്പെട്ടു. സ്വയം പറഞ്ഞു. ദേവീ...........ഞാനെത്തിയിരിക്കുന്നു. അവസാനം ദേവിയുടെ തൃപ്പാദങ്ങളിൽ ഞാനെത്തിയിരിക്കുന്നു.

ശുഭ്രതയിൽ മുങ്ങിനിന്ന ആശ്രമത്തിൽ ധ്യാനനിരതമായ ദേവിയ്ക്ക് മുന്നിൽ നമ്രശിരസ്കനായി ഞാൻ നിന്നു. ദേവിയുടെ മുഖത്തിന് ഉദിച്ചുയരുന്ന സൂര്യന്റെ തേജസ്സ്. വെള്ളം ചുമന്നെത്തിയ കഴുതകൾ ആശ്രമത്തിന് പിറകിലെത്തി വികൃത ശബ്ദം പുറപ്പെടുവിച്ചു. ദേവിയുടെ അടങ്ങിരുന്ന നേത്രങ്ങൾ തുടിക്കുന്നു. അവ മെല്ലെ തുറന്നു. ആ മിഴികൾ എന്നിൽ അല്പനേരം പതിഞ്ഞു.
ദേവിയുടെ ശബ്ദം.
നീ വന്നുവോ?
ഭക്തിപുരസ്സരം ദേവിയുടെ പാദങ്ങളിൽ നമസ്കരിച്ചു.
മകനേ എഴുന്നേൽക്കൂ.......
ദേവിയുടെ വാത്സല്യം നിറഞ്ഞ ശബ്ദം. പേര്?
ഋതുപർണ്ണൻ.

കൂലം?
ബ്രാഹ്മണകുലം

(താളിയോല ഗ്രന്ഥങ്ങൾ ഒരിക്കലും എന്നെ പരീക്ഷിച്ചിരുന്നില്ല. ഞാൻ വായിച്ചറിഞ്ഞതു പോലൊക്കെ സംഭവിച്ചിരുക്കുന്നു.)
ഇപ്പോൾ ഇങ്ങോട്ടെത്താൻ കാരണം?
നിയോഗം.
ആരുടെ?
താളിയോലകളുടെ.
ഇപ്പോൾ നിനക്കെന്തൊണാവശ്യം?
അറിവ്.
എന്തിനെക്കുറിച്ച്?
നാളെയെക്കൂറിച്ച്.
ഇപ്പോൾ വിദ്യാഭ്യാസം?
ഗുരുകാരണവന്മാർ പറഞ്ഞുവച്ചതെല്ലം ഹൃദൃസ്ഥമാക്കിയിട്ടുണ്ട്. നാളെയെക്കുറിച്ച്.......?
വിഷാദം.
കാരണം?

സിന്ധു നദീതടങ്ങളിൽ ഞങ്ങൾ ഒന്നിച്ചു പാർത്തു. കൃഷിയും കാലിവളർത്തലും ഉപജീവനം. സുന്ദരകലകൾ മൊട്ടിട്ടിരുന്ന അന്ന് ഞങ്ങൾ ഉറക്കെ പാടി; സന്തോഷത്തെക്കുറിച്ച്; സമൃദ്ധിയെക്കൂറച്ച്; സംസ്ക്കാരത്തെക്കുറിച്ച്. പുഴ ഒഴുകിക്കൊണ്ടേയിരുന്നപ്പോൾ ഞങ്ങളിൽ മാറ്റം വന്നു. ആപ്പിൾമരത്തിൽ നിന്നും താഴെ വീണപ്പോൾ ഞങ്ങൾ ചോദിച്ചു...........
പഴം എന്തുകൊണ്ട് മുകളിലേക്ക് പോയില്ല?
ഞങ്ങളുടെ തലകൾ പുകഞ്ഞപ്പോൾ ഞങ്ങൾ ഭൂഗുരുത്വസിദ്ധാന്തം മെനഞ്ഞെടുത്തു. ഞങ്ങൾ വളർന്നപ്പോൾ ഞങ്ങളുടെ പ്രിശ്നം വിദ്യുത്-കാന്തിക തരംഗങ്ങളായി. ശ്യൂന്യാകശത്തിൽ അവ ഗുരുത്വസിദ്ധാന്തം പരാജയപ്പെടുത്തി. ഞങ്ങളുടെ മനസ്സ് വേദനിച്ചു.

വീണ്ടും ചിലന്തിയുടെ നിഷ്ക്കർഷയോടെ ഞങ്ങൾ വല നെയ്തു. സിദ്ധാന്തങ്ങൾ രൂപം കൊണ്ടു. ഏതോ ഒരു അഭൗമ നിമിഷത്തിൽ ഞങ്ങളുടെ കാരണവർ പറഞ്ഞു. “$E=mc^2$”

ഒന്നുമറിയാത്ത ഞങ്ങളുടെ കുഞ്ഞുങ്ങൾ അതുവെച്ച് ഗോലി ഉരുട്ടി കളിക്കുന്നു. സത്യസന്ധതയോടെ ചരിത്രത്തോട് പ്രതികരിക്കുന്ന, മുലപ്പാൽ നുണയുന്ന ഞങ്ങളുടെ പിഞ്ചുപൈതങ്ങൾ കാഫ്കെയെക്കുറിച്ച്, കാമുവിനെക്കുറിച്ച്, സാർത്രനെക്കുറിച്ച്, നീഷെയെക്കുറിച്ച്, ഷെനെയെക്കുറിച്ച് പഠിക്കുന്നു. എന്നിട്ട് കഞ്ചാവു വലിക്കുന്നു. പട്ടച്ചാരായം മോന്തുന്നു......
ദേവി..........
ഋതുപർണ്ണൻ ചോദിക്കുന്നു
ഞങ്ങൾക്കു മോചനമില്ലേ?
മകനെ നിന്റെ ദുഃഖം ഞാൻ മനസ്സിലാക്കുന്നു. വരു. നിനക്ക് വായനമുറികാട്ടിത്തരാം നീ പഠിക്കു.

ജനിമൃതികളെക്കുറിച്ച്, നിന്റെ ദുഃഖങ്ങളെക്കുറിച്ച് നീ പഠിക്കു, താളിയോലഗ്രന്ഥങ്ങളിൽ നിന്റെ സത്ത കണ്ടെത്തു.

ആശ്രമപ്രാന്തങ്ങളിൽ ഋതുക്കൾ തോറും മഞ്ഞുരുകി. ഋതുപർണ്ണന്റെ കൈകാലുകൾ രൂപം പ്രാപിച്ച് കഴുതക്കാലുകളായി. ശരീരം വളഞ്ഞ് ചെവി നീണ്ടുവളർന്നു.
തൊലിക്ക് കട്ടികൂടി രോമം വളർന്നു.
ഋതുപർണ്ണൻ കഴുതയായി.
ഏഴരപ്പൊട്ടനുദിച്ചസമയത്ത് നീലജലം നിറയ്ക്കാൻ എത്തിയ കഴുതക്കൂട്ടത്തിൽ ഒരു കഴുതകൂടി കൂടുതലുണ്ടായിരുന്നു.